# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -2006 | 07.03.2017-ൽ മറുപടിക്ക്

## സ്കൂൾ കലോത്സവങ്ങളിലെ വിധി നിർണ്ണയം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ (മുഖ്യ മന്ത്രി) |
| എ) | സംസ്ഥാനത്തെ സ്കൂൾ കലോത്സവങ്ങളിലെ വിധി നിർണ്ണയം നിരീക്ഷിക്കുന്നതിന് വിജിലൻസിന് എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നോ; ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | എ) | സംസ്ഥാനത്തെ സ്കൂൾ കലോത്സവങ്ങളിലെ വിധി നിർണ്ണയവുമായി ബന്ധപ്പെട്ട് വിധികർത്താക്കളെ നിരീക്ഷിക്കുന്നതിനു വേണ്ടി കലോത്സവ വേദികളിൽ വിജിലൻസിന്റെ സാന്നിദ്ധ്യം ഉറപ്പു വരുത്തിയിരുന്നു. കലോത്സവത്തിൽ പങ്കെടുത്ത ഉത്തര എന്ന കുട്ടിയുടെ രക്ഷിതാവ് പ്രസന്ന മധുവിന്റെ പരാതി പ്രകാരം വി.സി.1/2017/ കെ.എൻ.ആർ/ഇ.ഡി.എൻ എന്ന നമ്പരായി രണ്ട് ജഡ്ജസിനെതിരെയും ഒരു നൃത്ത പരിശീലകനെതിരെയും കേസ് എടുത്തിട്ടുണ്ട്. |
| ബി) | കലാകായിക മത്സരങ്ങളിലെ വിധി നിർണ്ണയം കുറ്റമറ്റതാണോയെന്ന് പരിശോധിക്കുന്നതിനും വിധികർത്താക്കളുടെ പിഴവുകൾ കണ്ടെത്തുന്നതിനും വിജിലൻസ് വകുപ്പിനെ ഏത് തരത്തിലാണ് പ്രാപ്തമാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; | ബി) | കലാകയിക മത്സരങ്ങളിലെ വിധി കർത്താക്കളെയും ഉദ്യോഗസ്ഥരെയും നിരീക്ഷിച്ചും മത്സരവേദികളിൽ നിരീക്ഷണം നടത്തിയും അഴിമതി കണ്ടെത്തുന്നതിനുള്ള പഠനം പുതുതായി വിജിലൻസിൽ രൂപീകരിച്ച റിസർച്ച് ആന്റ് ട്രെയിനിംഗ് വിംഗ് വഴി നടത്തുന്നുണ്ട്. കോളേജുകളിലെ നാഷണൽ സർവ്വീസ് സ്കീമിൽ അംഗങ്ങളായ കലാകായിക രംഗത്ത് അനുഭവമുള്ള വിദ്യാർത്ഥികളെ |

| | | | |
|---|---|---|---|
| | | | ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ടീമുകളാണ് നിരീക്ഷണങ്ങൾ നടത്തുന്നത്. |
| സി) | വിധി നിർണ്ണയം നിരീക്ഷിക്കുന്നതിന് വിജിലൻസിനെ ചുമതലപ്പെടുത്തിയത് വിധികർത്താക്കളെ ഏതെങ്കിലും തരത്തിൽ സമ്മർദ്ദത്തിൽപ്പെടുത്തിയിട്ടുണ്ടോ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) | കലാകായിക മത്സരങ്ങളിലെ വിധിനിർണ്ണയത്തിലെ അഴിമതി കണ്ടെത്തുന്നതിന് ബന്ധപ്പെട്ട വിഭാഗത്തിലെ വിദഗ്ധരെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന പ്രത്യേക സമിതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ വിധി നിർണ്ണയത്തെ സംബന്ധിച്ചുള്ള പരാതികളും അപ്പീലുകളും പരിശോധിക്കുന്നതിനായി ഇത്തരമൊരു സമിതി രൂപീകരിക്കുന്നത് പരിഗണിക്കുമോ? | ഡി) | ഇത്തരത്തിൽ സമിതികൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ